# അവളുടെ കുനിഞ്ഞ മിഴികൾ അതോ അവന്റേയോ?

**ബിന്ദു കെ.സി.**

**ദൃഷ്ടി താഴ്ത്തിയിട്ടാണ് നടന്നിരുന്നതെങ്കിലും അവൾ ചുറ്റുമുള്ള എല്ലാം കാണുന്നുണ്ടായിരുന്നു. ഏതൊരു ചെറിയ ശബ്ദവും അവളെ ജാഗരൂകയാക്കി. അത് തന്നെ ഉദ്ദേശിച്ചല്ലേ? എതിരെ വരുന്നവരുടെ ഓരോ ശരീരചലനങ്ങളും അവൾ ജീവൻ കൊടുത്ത് ശ്രദ്ധിച്ചു. മറ്റുള്ളവരുടെ നോട്ടങ്ങൾ, വാക്കുകൾ, സ്പർശനങ്ങൾ... അവൾ നടന്നത് ഇതെല്ലാം മാത്രം അനുഭവിച്ചാണ്. അവൾക്ക് ഓരോ കാലടിയും ഘനമേറിയതായിരുന്നു. എന്നാൽ, മുന്നോട്ട് നടക്കാതെ കഴിയില്ലല്ലോ? അതുകൊണ്ട് മാത്രം അവൾ മുന്നോട്ടുപോയി. ശരീരം കഴിയുന്നത്ര ചുരുക്കി, ആകെ മറച്ച്, തന്നിലേക്കൊതുങ്ങി... ''എന്നെ ശ്രദ്ധിക്കല്ലേ, ഞാൻ തെറ്റുകാരിയല്ലേ'' എന്ന മുറവിളിയോടെ അവൾ നടന്നുകൊണ്ടേ ഇരുന്നു. എല്ലാവരും തന്നെതന്നെ, തന്നെ മാത്രം ശ്രദ്ധിക്കുന്നു എന്ന പൂർണ്ണബോധത്തോടെ അവളുടെ നോട്ടം നിലത്തുതന്നെയായിരുന്നു.**

ശത്രുപാളയത്തിലൂടെ ലക്ഷ്യത്തിലേക്ക് പോകാൻ നിർബന്ധിതയായ ഒരു ചാരവനിത, അല്ലെങ്കിൽ, പ്രച്ഛന്ന വേഷത്തിൽ തടവുചാടാൻ ശ്രമിക്കുന്ന ഒരു തടവുകാരി ഇതൊന്നുമല്ല നേരത്തെ വിവരിച്ച 'അവൾ'. കേരളത്തിലെ ഒരു ശരാശരി പെൺകുട്ടിയുടെ കോളജിൽ പോക്ക് അല്ലെങ്കിൽ ഓഫീസിൽപോക്ക് മാത്രമാണത്.

ആണുങ്ങൾ പെണ്ണുങ്ങളെ നോക്കുന്നത് വളരെ സ്വാഭാവികമാണല്ലോ എന്ന് നിങ്ങൾ ഒരു ആണാണെങ്കിൽ തിരിച്ചുപറയാമായിരിക്കും. ''സ്ത്രീകൾ ഞങ്ങളെ ആകർഷിക്കുന്നു. ഞങ്ങൾ അറിയാതെ തന്നെ നോക്കിപ്പോവുന്നു. ചിലപ്പോൾ വല്ലതും പറഞ്ഞെന്നിരിക്കും. തരപ്പെട്ടാൽ ഒരു സ്പർശനം. എന്താണ് അതിൽ കുഴപ്പം?'' എന്ന് തന്നെയാണ് സാധാരണ ഒരു പുരുഷന്റെ നിലപാട്. ''ഈ ചെറിയ തമാശകൾകൂടി ഇല്ലെങ്കിൽ പിന്നെ ജീവിതത്തിൽ എന്ത് രസം?'' എന്ന് ചോദിക്കുന്ന ആണുങ്ങൾ ധാരാളം. പുരുഷന്റെ ഭാഗത്തുനിന്ന് പെട്ടെന്ന് നോക്കിയാൽ ശരിയെന്ന് തോന്നുന്ന വാദം. പ്രത്യേകിച്ച് ലൈംഗികതയുടെ ചെറിയൊരു പ്രകടനംപോലും ക്രൂരമായി അടിച്ചമർത്തുന്ന മധ്യവർഗത്തിന്റെ മുഖംമൂടി സംസ്കാരത്തിൽ ഉറച്ചുവിശ്വസിക്കുന്ന കേരളത്തിൽ. ആൺ-പെൺ വേർതിരിവ് ഇത്ര നിഷ്കർഷയോടെ പാലിക്കുന്ന നമ്മുടേത് പോലുള്ള ഒരു സമൂഹത്തിൽ പെണ്ണിനെ ആണ് നോക്കിക്കാണുന്നത് ഉപയോഗിക്കാവുന്ന ശരീരങ്ങൾ ആയി മാത്രമാണ്. അങ്ങിനെ വരുമ്പോൾ, 'സ്ത്രീകളെ നോക്കുന്നതുപോലും പാപം' എന്നും മറ്റും പറയുന്നത് ആരും ചെവികൊള്ളാത്തതിൽ അത്ഭുതമില്ല.

എന്നാൽ, ഇതേ കാര്യം 'ആരാന്റെ' പെണ്ണിന്റെ മേൽ നടത്തുകയും സ്വന്തം പെണ്ണുങ്ങളുടെ കാര്യം വരുമ്പോൾ മറ്റ് ആണുങ്ങൾക്ക് നോക്കാനും പറയാനും തോണ്ടാനുമുള്ള 'സ്വാതന്ത്ര്യത്തിൽ' കയറി കൈവയ്ക്കുകയും ചെയ്യുന്നവരല്ലേ നമ്മുടെ അധിക പുരുഷന്മാരും? തീർച്ചയായും സ്ത്രീയെ ഭോഗവസ്തു ആക്കുന്നതിൽ അല്ല ഇക്കൂട്ടർക്ക് പ്രയാസം 'സ്വന്തം' സ്ത്രീയെ 'കണ്ടവർ' അങ്ങനെ ചെയ്യുന്നതിൽ മാത്രമാണ്. ''എന്റെ പെങ്ങളെ നോക്കാൻ നീയാരെടാ?'' എന്നാണ് നിലപാട്. അല്ലാതെ 'പെണ്ണുങ്ങളെ നോക്കാൻ നീയാരെടാ?'' എന്ന് ഒറ്റയൊരുത്തൻപോലും ലഹളകളിൽ ചോദിക്കാൻ ധൈര്യപ്പെടില്ല. കാരണം, ആദ്യത്തെ കല്ലെറിയാൻ പാപം ചെയ്യാത്തവരായി ഈ നാട്ടിൽ ആരും ഇല്ലല്ലോ? എന്നാൽ, പെങ്ങളുടേയോ, ഭാര്യയുടേയോ കാര്യത്തിലെങ്കിലും വിറളിപിടിക്കുന്നതുകൊണ്ട് തന്നെ ഒരു കാര്യം വ്യക്തം.

സ്വന്തം സ്ത്രീകളുടെ കാര്യം വരുമ്പോഴെങ്കിലും ഇക്കാര്യം മിക്ക ആണുങ്ങളും എതിർക്കുന്നു. തങ്ങളുടെ പ്രവൃത്തിയിൽ ആണുങ്ങൾ തന്നെ എന്തോ ഒരു കുഴപ്പം കാണുന്നുണ്ടെന്നു ചുരുക്കം. സ്ത്രീയെ സ്വകാര്യസ്വത്തായി കാണുന്ന മനോഭാവത്തിൽ നിന്നാണെങ്കിൽപോലും എപ്പോഴും ആരിൽനിന്നും ഈ പ്രവൃത്തി ഒരാളും സഹിക്കുന്നില്ല.

ഇതേ സംഗതി പെണ്ണിന്റെ കണ്ണിൽനിന്ന് നോക്കിയാൽ സംഗതി ആകെ മാറുന്നു. മറ്റു പല പ്രശ്നങ്ങളും വീട്ടിൽനിന്ന് സഹിച്ചായിരിക്കാം പല സ്ത്രീകളും പുറംലോകവുമായി ബന്ധപ്പെടുന്നത്. (ഉദാ: ''നീയൊക്കെ പഠിച്ചിട്ടെന്താടീ കാര്യം? കെട്ടിച്ചുകൊടുക്കാനുള്ളതല്ലേ?'' അല്ലെങ്കിൽ ''ഓ, വലിയൊരു ഉദ്യോഗസ്ഥ വന്നിരിക്കുന്നു. നിന്റെയൊക്കെ ശമ്പളം വേണമല്ലോ ഇവിടെ കഞ്ഞിവയ്ക്കണമെങ്കിൽ'' ഇത്തരം മനോഭാവങ്ങൾ) വീട്ടിലെ യുദ്ധത്തിന്റെ ബാക്കിയാണ് പുറംലോകം സ്ത്രീക്ക് സമ്മാനിക്കുന്ന അശ്ലീല നോട്ടങ്ങളും വാക്കുകളും. പുറംലോകവുമായി ബന്ധപ്പെട്ട ഒരു ജീവിതം പെണ്ണിനെ സംബന്ധിച്ചിടത്തോളം ഏകദേശം അസാദ്ധ്യം തന്നെയാക്കുന്നു ഇത്തരം കാര്യങ്ങളൊക്കെ കൂടി.

ഏതു സമയവും തൊട്ടാൽ പൊട്ടുന്ന ബോംബുകൾക്കിടയിൽകൂടി നടക്കുന്ന ഒരു പട്ടാളക്കാരന്റെ വികലമായ മാനസികാവസ്ഥ അവൾ സ്വയം കൈവരിക്കുന്നു. ശരീരം ആയാസപ്പെടുത്താതെ - അതായത് ചുരിദാറിന്റേയോ സാരിയുടേയോ തുമ്പ് തിരുപ്പിടിക്കാതെ, ബാഗോ, പുസ്തകമോ വച്ച് മാറ് മറച്ച് തന്നിലേക്ക് തന്നെ ഒതുങ്ങാതെ, ശബ്ദം വളരെ കുറയ്ക്കാതെ, കാലുകൾ കൂട്ടിവയ്ക്കാതെ.... ഇങ്ങനെയൊക്കെ ഈ കേരളത്തിൽ എത്ര പെണ്ണുങ്ങളെ കാണാൻ കഴിയും? ഒരു ജനതയുടെ തന്നെ പരാജയവും ദു:ഖവും ബസ് സ്റ്റോപ്പിൽ ഒതുങ്ങിക്കൂടി നിൽക്കുന്ന പെൺകുട്ടിയുടെ കണ്ണുകളിൽ നിഴലിക്കുന്ന ഭയത്തിലും അസ്വസ്ഥതയിലും നമുക്ക് കാണാൻ കഴിയില്ലേ?

സ്ത്രീകളെ നോക്കുന്നത് പുരുഷന്മാരുടെ വിനോദമാണെങ്കിൽ, സ്ത്രീകളാരും തന്നെ അത് വിനോദമായല്ല ആസ്വദിക്കുന്നത്. ആണുങ്ങൾക്ക് പെണ്ണുങ്ങളോടെന്നപോലെ തിരിച്ചും ആകർഷണം നിലനിൽക്കുന്ന അവസ്ഥയിൽപോലും ഈ 'ശ്രദ്ധ' സ്ത്രീകളെ രോമാഞ്ചമണിയിക്കുകയല്ല ചെയ്യുന്നത് - പകരം അസ്വസ്ഥരാക്കുകയാണ്. അവർ ഓരോ പ്രാവശ്യത്തെയും റോഡിലൂടെയുള്ള സഞ്ചാരവും ബസ് യാത്രയും അപമാനിതരായിട്ടാണ് ഏറ്റുവാങ്ങുന്നത്. അതിനു കാരണം, ''പെണ്ണേ, എനിക്ക് നിന്നെ ഇഷ്ടമാണ്'' എന്ന് പറയുന്നതിന് പകരം (ആകർഷണം മാത്രമാണെങ്കിൽ വരേണ്ട വാക്കുകൾ ഇതാണല്ലോ?) സ്ത്രീകൾ കേൾക്കുന്നത് ''എടീ എന്താടീ നീ പൊറത്ത്? നീ വെറും മാറും ചന്തിയും. മാത്രമാടീ! നിന്നെ ഞങ്ങൾ ഉപയോഗിക്കുമെടീ!'' എന്നൊക്കെയാണ്. ഈ വാക്കുകൾ നിരന്തരം കേൾക്കുയും മഹത്തരം എന്ന് വീമ്പുപറയുന്ന വിശ്വസാഹിത്യം തുടങ്ങി പൈങ്കിളിക്കഥകൾ വരെ സ്ഥിരമായി വിളിച്ചുപറയുകയും ചെയ്യുന്ന ഒരവസ്ഥയിൽ പെണ്ണിന്റെ തല ഇവിടെ കുനിയാതെ വയ്യ.

ഈ സ്ഥിതിവിശേഷം സ്ത്രീയുടെ മാനസികഘടനയിൽ വരുത്തുന്ന മാറ്റങ്ങൾ വമ്പിച്ചതാണ്. താൻ നിരന്തരം ഇത്തരത്തിൽ പീഡിപ്പിക്കപ്പെടാനായി ജനിച്ചവളാണ് എന്നവൾ ചെറുപ്പത്തിലേ മനസ്സിലാക്കുന്നു. സ്ഥിരം കേൾക്കുന്ന വാക്കുകൾ വിശ്വസിക്കാനും അവൾ തുടങ്ങുന്നു. ശരീരം മാത്രമാണ് താൻ എന്നിവൾ വേദനയോടെ മനസ്സിലാക്കുന്നു. വളരെയധികം പ്രതീക്ഷ നൽകിയിരുന്ന അഭിമാനികളായ നമ്മുടെ ചെറിയ പെൺകുട്ടികളിൽ പലരും ഒരു പത്തിരുപത് വയസ്സാകുമ്പോഴേക്കും ഉറക്കെ ചിരിക്കാൻപോലും ഭയന്ന്, ഒരു ഭർത്താവിന് മാത്രമേ തങ്ങളെ രക്ഷിക്കാൻ കഴിയൂവെന്ന് ഉറച്ച് വിശ്വസിച്ച് അവരുടെ ആത്മവിശ്വാസം തകർന്ന പരുവത്തിലായി ജീവിക്കുന്നത് നമ്മൾ എത്രവട്ടം കണ്ടിരിക്കുന്നു? നിരന്തരം അനുഭവിക്കുന്നതിനാൽ ഇതെല്ലാം പീഡനമാണെന്ന് പറയാൻ വരെ സ്ത്രീകൾ ധൈര്യപ്പെടാറില്ല. ''ഇതല്ലേ പെണ്ണിന്റെ ജീവിതം?'' എന്നും മറ്റും നിരാശ കലർന്ന സ്വരത്തിൽ പറയുന്ന എത്ര സ്ത്രീകളാണ് നമുക്കു ചുറ്റും? അതായത് ഇടവപ്പാതിക്ക് മഴ പെയ്യുന്ന അത്രയും സ്വാഭാവികമായാണ് ആണുങ്ങളിൽനിന്നുള്ള ഇത്തരം ആക്രമണങ്ങളെ സ്ത്രീ നോക്കിക്കാണുന്നത്.

പെണ്ണിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വിചിത്രമായ കാര്യം പീഡനം അനുഭവിക്കുന്നതിനോടൊപ്പം തന്നെ അതിന്റെ ഉത്തരവാദിത്വവും അവൾ തന്നെ ഏറ്റെടുക്കണം എന്നതാണ്. ബലാത്സംഗം നടന്നാൽ ചെയ്തയാളിനേക്കാൾ കൂടുതൽ ശിക്ഷ അനുഭവിക്കുന്നത് പീഡിതയായ വ്യക്തിയാണ്. അതുപോലെതന്നെ 'താൻ പുറത്തുപോയത് കൊണ്ടല്ലേ ഇത് സഹിച്ചത്? താൻ നോക്കിയതുകൊണ്ടല്ലേ അവൻ കണ്ണിറുക്കിയത്? താൻ ബസ്സിൽ ഒറ്റയ്ക്ക് കയറിയതുകൊണ്ടല്ലേ അവൻ തോണ്ടിയത്?'' ഇങ്ങനെ പോകുന്നു പീഡനം അനുഭവിച്ച സ്ത്രീയുടെ ചിന്താഗതി. പുറത്തുപോവുകയും മനുഷ്യനെ മനുഷ്യൻ നോക്കേണ്ടപോലെ മുഖത്ത് നോക്കുകയും ഒറ്റയ്ക്ക് സഞ്ചരിക്കുകയും മറ്റും തന്റെ അവകാശമായേ അല്ല സ്ത്രീ അനുഭവിക്കുന്നത്. മനുഷ്യസാധാരണമായ ഇത്തരം പ്രവൃത്തികൾ (ആണുങ്ങൾ വെള്ളം കുടിക്കുന്നപോലെ സ്വാഭാവികം എന്നു ചിന്തിക്കുന്നവർ) പെണ്ണുങ്ങൾ ചെയ്യുന്നത് ''ഞാൻ തെറ്റുചെയ്യുകയാണ്. എന്നെ ശിക്ഷിക്കരുതേ'' എന്നു മനസ്സിൽ പറഞ്ഞുകൊണ്ടാണ്. അതുകൊണ്ട് തന്നെയാണ് ബസ്സിൽ ഒരു സ്ത്രീയെ പുരുഷന്മാർ കഷ്ടപ്പെടുത്തുന്നത് കാണുമ്പോഴും മറ്റ് സ്ത്രീകൾ പ്രതികരിക്കാത്തത്. '' എനിക്കൊരു ആങ്ങളയുണ്ടായിരുന്നുവെങ്കിൽ, അല്ലെങ്കിൽ '' ഞാൻ വിവാഹിത ആയിരുന്നുവെങ്കിൽ'' എന്നും മറ്റും ഈ നാട്ടിലെ പെണ്ണുങ്ങൾ ഉള്ളുരുകി പ്രാർത്ഥിക്കുന്നതും വേറൊന്നും കൊണ്ടല്ല.

സ്ത്രീകളുടെ ഉള്ളിൽ മാത്രമല്ല, പുരുഷന്റെ ഉള്ളിലും ഈ സാഹചര്യം പ്രത്യേകമായ ചില പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പെണ്ണ് അപമാനിക്കപ്പെടാൻ ഉള്ളവളാണ് എന്നും അവളെ അപമാനിക്കാനുള്ള ഏറ്റവും എളുപ്പവഴി അവൾ ശരീരമാണ് (''നല്ല തടി, സൂക്ഷിച്ചോ'', കരിക്കട്ട മേത്ത് പറ്റണ്ട സഹോദരാ, മാറിനില്ല''... തുടങ്ങിയ കമന്റുകൾതൊട്ട് ശരീരഭാഗങ്ങളുടെ അസഭ്യമായ വർണ്ണനകൾ വരെ) എന്ന് വിളിച്ചുപറഞ്ഞുകൊണ്ടേ ഇരിക്കുകയാണ് എന്നും അവൾ മനസ്സിലാക്കുന്നു. ഇതിനിടയിലും സ്ത്രീയുമായി മാനസിക സമ്പർക്കത്തിനുകൂടിയാണ് പുരുഷന്മാരും ആഗ്രഹിക്കുന്നത്. എന്നാൽ, അതിന് ശരീരം മാത്രമാണ് അവന്റെ മുന്നിലുള്ള വഴി. നല്ല വെള്ളം കിട്ടാത്തപ്പോൾ മനുഷ്യൻ ചെളിവെള്ളവും കുടിക്കുന്നപോലെ, ആണുങ്ങൾ സ്ത്രീകളുടെ ശരീരത്തിൽ മാത്രം കുടുങ്ങിപ്പോകുന്നു. താൻ സ്നേഹിക്കുന്ന സ്ത്രീയെ തന്നെ ബഹുമാനിക്കാൻ അങ്ങനെയവന് കഴിയാതെ വരുന്നു. വെറും മുലകൾ, (അല്ലെങ്കിൽ ഏതെങ്കിലും ശരീരഭാഗം) മാത്രമായതിനെ ബഹുമാനിക്കാൻ ആർക്കും പ്രയാസമാണല്ലോ? മാനസികമായി കഠിനമായ ഒരു ഏകാന്തതടവ്. പുരുഷൻ അങ്ങനെ സ്വയം തെരഞ്ഞെടുക്കുന്നു.

എന്തുകൊണ്ടാണ് പുരുഷന്മാർ, പ്രത്യേകിച്ച് മലയാളി പുരുഷന്മാർ ഇത്തരത്തിൽ പെരുമാറുന്നത് എന്നത് ചിന്തിക്കേണ്ട കാര്യമാണ്. ഇരുപത്തിരണ്ട് വയസ്സിലും തന്റെ ആത്മവിശ്വാസം കളയാത്ത ഒരു പെൺകുട്ടിയുടെ വാക്കുകളിൽ.'' അവൻമാർക്കെല്ലാം ഇൻഫീരിയോരിറ്റി കോംപ്ലെക്സ് ആണ് ചേച്ചി''. മലയാളി പുരുഷന്റെ അപകർഷതാ ബോധമാണോ അവന്റെ കണ്ണുകളിലും കൈകളിലും ആയുധമണിയിക്കുന്നത്? മാന്യമായ തൊഴിൽ ഇപ്പോൾ മലയാളിയെ സംബന്ധിച്ചിടത്തോളം വൈറ്റ് കോളർ ഉദ്യോഗം മാത്രമാണ്. എല്ലാവർക്കും വൈറ്റ് കോളർ ഉദ്യോഗമെന്നത് ഒരു സമൂഹത്തിനും സാദ്ധ്യമല്ലാത്ത ഒരു കാര്യവും. തൊഴിലില്ലാത്ത (അല്ലെങ്കിൽ സ്വന്തം തൊഴിലിൽ അരക്ഷിതാവസ്ഥ അനുഭവിക്കുന്ന) പുരുഷന്മാർ അനുഭവിക്കുന്ന മാനസികാവസ്ഥയാണോ പുറത്തിറങ്ങുന്ന പെണ്ണുങ്ങളെ ശത്രുക്കളെപ്പോലെ ഒതുക്കാൻ അവരെ കൂട്ടത്തോടെ പ്രേരിപ്പിക്കുന്നത്? അതോ സ്ത്രീകളുടെ ഉയരുന്ന ആത്മവിശ്വാസത്തോടൊപ്പം അവന് വീട്ടിനുള്ളിൽ നഷ്ടപ്പെടുന്ന ചില്ലറ സൗകര്യങ്ങളോ'' സ്ത്രീയായ എനിക്ക് ഒരിക്കലും ഉത്തരം പറയാൻ കഴിയാത്ത ചോദ്യം.

